വിവിധ പ്രശ്നങ്ങളെ തികഞ്ഞ ഗൗരവത്തോടെ പരിശോധിച്ച് അവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, തീരദേശ ജനങ്ങൾക്കുണ്ടാകുന്ന അതിരൂക്ഷമായ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തരചികിത്സയ്ക്കും ദുരിത നിവാരണത്തിനുമായി ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പുമന്ത്രിയുടെ പേരിൽ പ്രത്യേക ദുരിതാശ്വാസനിധി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു : സർ, ഒരു പ്രത്യേക ചികിത്സാനിധി രൂപീകരിക്കാൻ ഇപ്പോൾ തൽക്കാലം ആലോചിച്ചിട്ടില്ല. അതേസമയം, തീരപ്രദേശങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് കുടിവെള്ളപ്രശ്നം. അത് പരിഹരിക്കുന്നതിന് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വാട്ടർ അതോറിറ്റിവഴി ഇപ്പോൾതന്നെ കുറേ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അത് വാട്ടർ അതോറിറ്റി മുഖാന്തിരമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൽ അഞ്ചെണ്ണം പൂർത്തിയായിരിക്കുകയാണ്. 53 കുടിവെള്ള പദ്ധതികളാണ് ആ രൂപത്തിലുള്ളത്. ഇതിനുപുറമെ, തീരദേശത്ത് താമസിക്കുന്ന, 50 മുതൽ 100 വീടുകൾക്കുവരെ ഉപകരിക്കത്തക്കനിലയിൽ ചെറിയ ചെലവിലുള്ള ഡീസാൽനേഷൻ പ്ലാന്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിനായി തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ക്യാൻസർ ചികിത്സാസൗകര്യങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേലാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ കേരളം ക്യാൻസറിന്റെ തലസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ധാരാളമാളുകൾ ക്യാൻസർ ബാധിച്ച് ചികിത്സ തേടിക്കൊണ്ടിരിക്കുകയാണ്. നമുക്ക് രോഗം വരുന്നത് ഒരു കുറ്റമല്ല; നമ്മുടെ ജീവിതശൈലിയുടെ ഭാഗമായി മാത്രമല്ല രോഗം വരുന്നത്. ഇപ്പോൾ പുകവലിക്കാത്ത സാധാരണ സ്ത്രീകൾക്ക് ശ്വാസകോശ ക്യാൻസർ വരുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഈ അടുത്ത കാലത്ത് തിരുവനന്തപുരത്ത്, ഞാറനീലി പട്ടികവർഗ്ഗ കോളനിയിൽ ആദിവാസി സ്ത്രീകൾക്കിടയിൽ ക്യാൻസർ വ്യാപകമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വാർത്ത മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കീടനാശിനിയുടെയും രാസവളത്തിന്റെയും മറ്റും അമിത ഉപയോഗം, ജീവിത ശൈലിയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഭക്ഷണരീതിയിലെ മാറ്റങ്ങൾ, കൃത്രിമമായിട്ടുള്ള ആഹാരങ്ങൾ, മായം ചേർത്ത ആഹാരങ്ങളും ഭക്ഷണപദാർത്ഥങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കഴിക്കുക എന്നിവയുടെയൊക്കെ ഫലമായിട്ടാണ് ഈ രോഗങ്ങൾ വ്യാപിക്കുന്നതെന്ന് ആർ.സി.സി.യുടെതന്നെ റിസർച്ചിൽ കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഒരു വർഷം പുതിയതായി ക്യാൻസർ ചികിത്സതേടി സർക്കാർ ആശുപത്രിയിൽ എത്തുന്നത് 40,000 രോഗികളാണ്. അതിനു പുറമെയാണ് സ്വകാര്യ ആശുപത്രികൾ. തൃശ്ശൂരിലെ അമല ആശുപത്രിയിൽ പ്രതിവർഷം 2000 പേർ ക്യാൻസർ ബാധിച്ച് പുതിയതായി വരുന്നുണ്ട്. നിരവധി സ്വകാര്യ ആശുപത്രികളിൽ അരലക്ഷത്തിനും 55,000-നുമിടയ്ക്ക് ആളുകൾ ക്യാൻസർ രോഗികളായി പുതിയതായി വന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ അവർക്കാവശ്യമായ എല്ലാ ചികിത്സയും നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, കോഴിക്കോട് മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് സർക്കാർ സംവിധാനത്തിന്റെ കീഴിൽ ചികിത്സ കൊടുക്കാൻ കഴിയുന്നത്. തിരുവനന്തപുരത്തെ ആർ.സി.സി. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ പ്രതിവർഷം വന്നുകൊണ്ടിരിക്കുന്ന രോഗികളുടെ എണ്ണം 17000-ത്തോളമാണ്. അവർക്ക് അവരുടെ കപ്പാസിറ്റി അനുസരിച്ച് രോഗികളെ ചികിത്സിക്കാൻ കഴിയാത്തതുകൊണ്ട് കാലിറ്റിയുള്ള ചികിത്സ കൊടുക്കാൻ പറ്റാത്ത സാഹചര്യമുണ്ട്.

ആർ.സി.സി.-ക്ക് ഓവർ ബർഡൻ വരാനുള്ള പ്രധാന കാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആവശ്യമായ സംവിധാനമില്ലെന്നുള്ളതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സയെന്ന് പറയുന്നത് റേഡിയേഷൻ, സർജറി, കീമോതെറാപ്പി, സാന്ത്വന ചികിത്സ എന്നിങ്ങനെ നാല് പ്രധാനപ്പെട്ട ചികിത്സാ സമ്പ്രദായങ്ങളാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്യാൻസർ വിഭാഗത്തിൽ ഏകദേശം 4000 പേർ ഒരു വർഷം വരുന്നുണ്ട്. പക്ഷേ അവിടെയുള്ള ചികിത്സാ സമ്പ്രദായം കോബാൾട്ട് യൂണിറ്റ് മാത്രമാണ്. റേഡിയേഷന് ഉപയോഗിക്കുന്ന കോബാൾട്ട് യൂണിറ്റ് എന്നുപറയുന്നത് വളരെ പ്രാകൃതമായ ചികിത്സാരീതിയാണ്. ലീനിയർ ആക്സിലറേറ്റർ എന്ന സംവിധാനം ഇന്ത്യയിൽത്തന്നെ ആദ്യമായി ഒരു പൊതു ആശുപത്രിയിൽ വന്നത് കോട്ടയം മെഡിക്കൽ കോളേജിലാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ആലപ്പുഴ മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലറേറ്റർ വയ്ക്കാനുള്ള സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതിന്റെ പ്രവർത്തനമാരംഭിച്ചിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷനാവശ്യമായ അഞ്ച് റൂമുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ആവശ്യമായ സ്റ്റെങ്തും ഡിപ്പാർട്ടുമെന്റും ഉണ്ടായിട്ടുപോലും അതിനുള്ള സൗകര്യമൊരുക്കിക്കൊടുക്കാൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽനിന്നും ഏറ്റവും കൂടുതൽ രോഗികൾ വരുന്നത് തൃശ്ശൂർ മെഡിക്കൽ കോളേജിലാണ്. അവിടെയും റേഡിയേഷനുമായി ബന്ധപ്പെട്ട് 2003-ൽ സ്ഥാപിച്ചിരിക്കുന്ന കോബാൾട്ട് യൂണിറ്റ് മാത്രമാണുള്ളത്. അവിടെ ഒരു ദിവസം റേഡിയേഷന് മാത്രമായി ഏകദേശം 300-ഓളം ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. 36 ബെഡ്ഡുള്ള ഒരു വാർഡ് മാത്രമാണത്. 14 സ്ത്രീകൾക്കും 24 പുരുഷന്മാർക്കുംവേണ്ടിയുള്ള ഈ വാർഡിൽ കീമോതെറാപ്പി ആവശ്യമുള്ള രോഗികളെപ്പോലും അഡ്മിറ്റ് ചെയ്യാൻ പറ്റുന്നില്ല. ഡോക്ടർമാർ രാവിലെ 7.30 മണി മുതൽ പുലർച്ചെ രണ്ടുമണിവരെയാണ് രോഗികൾക്ക് അവിടെ റേഡിയേഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാർച്ച് മാസം ഡേറ്റ് കൊടുത്തുവിട്ട ഒരു പേഷ്യന്റിന് റേഡിയേഷൻ കൊടുക്കാൻ ഇന്നുവരെയായിട്ടും അവർക്ക് കഴിഞ്ഞിട്ടില്ല. അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. അവിടെ ഒരു യൂണിറ്റ് മാത്രമാണുള്ളത്. ഒറ്റ യൂണിറ്റുമാത്രം വച്ചുകൊണ്ട് റേഡിയോ തെറാപ്പി നടത്തരുതെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ഡയറക്ഷൻ ഉണ്ടായിട്ടും ഇന്ത്യയിൽ ഇത് സാധ്യമല്ലെന്ന് നമുക്കറിയാം, ഈ ഒരു യൂണിറ്റ് വച്ചുകൊണ്ടാണ് ഡോക്ടർമാർ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു രോഗിക്ക് കീമോതെറാപ്പി കൊടുക്കാൻ വേണ്ടിവരുന്ന സമയം 25 മിനിട്ട് ആണ്. അങ്ങനെ 100-125 പേർക്ക് അവിടെ കീമോതെറാപ്പി കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ മാത്രമല്ല ആവശ്യമായ മറ്റെല്ലാ സൗകര്യങ്ങളുമൊരുക്കാൻ സാധിക്കണം. ഒരു മിനി ആർ.സി.സി. കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞിരുന്നു. ആർ.സി.സി. കൊണ്ടുവരുമ്പോൾ ഇപ്പോഴുള്ള നമ്മുടെ സിസ്റ്റമനുസരിച്ച് ജനറൽ സർജറി വിഭാഗത്തിൽ സർജിക്കൽ ഓങ്കോളജി കൊണ്ടുവരാൻ പറ്റില്ല. റേഡിയോ തെറാപ്പിയും സർജിക്കൽ ഓങ്കോളജിയും പ്രത്യേകമായ ഒരു അഡ്മിനിസ്ട്രേഷന്റെ കീഴിൽ കൊണ്ടുവരാൻ ജി.ഒ. ഇറക്കണം. അതിന്റെയടിസ്ഥാനത്തിൽ ഒരു ടീമായി നിന്നുകൊണ്ട് അതിന്റെ ട്രീറ്റ്മെന്റ് പ്ലാൻ ചെയ്തുകൊടുക്കാൻ കഴിയുന്ന, ആർ.സി.സി.യിൽ ചെയ്യുന്ന രീതിയിലുള്ള ഒരു സംവിധാനം നമ്മുടെ മെഡിക്കൽ കോളേജിലില്ല. അതിനുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിലും തൃശ്ശൂർ മെഡിക്കൽ കോളേജിലും അടക്കം ഒരു മിനി ആർ.സി.സി. കൊണ്ടുവരുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും അതിനാവശ്യമായ സംവിധാനങ്ങൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. സംസ്ഥാനത്തെ ആർ.സി.സി. പോലെതന്നെ പ്രധാന സൗകര്യമുള്ള ഒരു സ്ഥലമാണ് മലബാർ ക്യാൻസർ സെന്റർ. ഒരു വർഷം 6000 പേരാണ് അവിടെ വന്നുകൊണ്ടിരിക്കുന്നത്. ഈ വർഷത്തെ രജിസ്റ്റർ അനുസരിച്ച് ആറായിരത്തിലധികം പേഷ്യന്റ്സ് വരുമെന്നുള്ള കണക്കുണ്ട്. ന്യൂക്ലിയർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിസിൻ ഫെസിലിറ്റി അവിടെയില്ല. ആർ.സി.സി.യിലുള്ള ന്യൂക്ലിയർ മെഡിസിൻ ഫെസിലിറ്റി അവിടെയില്ലാത്തതുകൊണ്ട് മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ആളുകൾ മംഗലാപുരത്തേക്ക് അല്ലെങ്കിൽ കിംസിലേക്ക് പോകുകയാണ്. വന്നിച്ച ചാർജ് കൊടുത്തുകൊണ്ടാണ് അവർക്ക് അവിടെ ഇത് ചെയ്യേണ്ടി വരുന്നത്. ന്യൂക്ലിയർ മെഡിസിൻ ഫെസിലിറ്റി എം.സി.സി.യിൽ ആരംഭിക്കാൻ കഴിയണം. തൃശ്ശൂർ മെഡിക്കൽ കോളേജിനെ ഒരു മിനി ആർ.സി.സി. ആയി പ്രഖ്യാപിക്കുമെന്ന് പറഞ്ഞാൽ മാത്രംപോര, അതിനാവശ്യമായ സംവിധാനമൊരുക്കണം. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഇപ്പോഴുള്ള കോബാൾട്ട് യൂണിറ്റുകൾക്കുപകരം ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതിന് 8 കോടിയോളം രൂപ ചെലവുവരുമെന്നാണ് കണക്കാക്കുന്നത്. വളരെ ആകൃസിയോടുകൂടി റേഡിയേഷൻ നടത്തുന്ന ഈ സംവിധാനത്തിനുപകരം പ്രാകൃതമായ ചികിത്സാ സമ്പ്രദായത്തിൽ ഇത് ചെയ്യുമ്പോൾ രോഗികൾക്ക് പല പ്രയാസങ്ങളുമുണ്ടാകാറുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗം ഇന്ന് വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. എം.എൽ.എ.മാർ എന്ന നിലയിൽ നമ്മുടെയടുത്തു വരുന്ന രോഗികളുടെ എണ്ണം നമുക്കറിയാം. ഇവർക്ക് ആവശ്യമായ ഫെസിലിറ്റി കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. പുറത്ത് ചികിത്സയ്ക്ക് പോകുകയാണെങ്കിൽ വന്നിച്ച ചെലവ് വരികയാണ്. രോഗം വന്നുവെന്ന് മാത്രമല്ല രോഗി മരിക്കുകയും ചെയ്താൽ അവരുടെ വീട് നശിക്കുകയും ചെയ്യുകയാണ്. ഗവൺമെന്റ് കാരുണ്യ ചികിത്സാ സഹായമൊക്കെ നൽകുന്നുണ്ട്. ഞാൻ അക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നന്ദി രേഖപ്പെടുത്തുകയാണ്. അത് മാത്രംപോര, സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ ഫെസിലിറ്റീസ് വർദ്ധിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഒരു കൂടിയാലോചന നടത്തണം. ആർ.സി.സി.യെ ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ പോകുന്നകാര്യം അങ്ങ് ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. അത് നല്ല കാര്യമാണ്. പക്ഷേ നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിനെ മിനി ആർ.സി.സി. ആക്കാമെന്നുപറഞ്ഞ ആ ഉറപ്പ് പാലിക്കാനാവശ്യമായ ഫെസിലിറ്റീസ് ഒരുക്കുകയും ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുകയും ചെയ്യണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ക്യാൻസർ ട്രീറ്റ്മെന്റിന് വളരെയധികം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആർ.സി.സി.യിലും എം.സി.സി.യിലും കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിറ്റലിലും ക്യാൻസർ ട്രീറ്റ്മെന്റിനു വേണ്ടിയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കേരളത്തിൽ പ്രതിവർഷം 50000-ഓളം ആളുകൾക്ക് ക്യാൻസർ പിടിപെടുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ആധുനിക ജീവിതശൈലിമൂലം കൂടുതലായി ക്യാൻസർരോഗം കണ്ടുവരുന്ന പശ്ചാത്തലത്തിൽ അത് ട്രീറ്റ് ചെയ്യുന്നതിലേയ്ക്കുള്ള നടപടികൾ ഗവൺമെന്റ് ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. തിരുവനന്തപുരത്തെ ആർ.സി.സി.-യെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടു. കഴിഞ്ഞ ഗവൺമെന്റ് ആർ.സി.സി.-യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തി, 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാവിധ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അതിന്റെ വികസനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കാൻ കഴിയും. മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി. ആയി ഉയർത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. അതോടൊപ്പം എറണാകുളത്ത് അവിടത്തെ ജനപ്രതിനിധികളുടെ ആവശ്യം പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടുപ്രാവശ്യം യോഗം ചേരുകയും അവിടെ 450 കോടി രൂപയുടെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ഓഗസ്റ്റ് മാസത്തിൽ അതിന് തറക്കല്ലിടും. അതിന്റെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷ്യറി ക്യാൻസർ സെന്ററിനുവേണ്ടി 45 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. അതിന്റെ നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് എല്ലാ മെഡിക്കൽ കോളേജുകളിലും ഇതിനുവേണ്ട സൗകര്യം ഒരുക്കണമെന്നാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും മിനി ആർ.സി.സി.കൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ആലപ്പുഴ, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലേറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞമാസം കൂടിയ യോഗത്തിലാണ് തീരുമാനമെടുത്തത്. തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ അതാത് പ്രദേശത്തെ ജനങ്ങൾക്ക് ഈ രംഗത്ത് ചികിത്സ ലഭ്യമാക്കാൻ

സാധിക്കും. എറണാകുളം ജനറൽ ഹോസ്പിറ്റലിലും ചികിത്സാ സംവിധാനമുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ട് ഒരു അസിസ്റ്റന്റ് സർജനെയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെയും ആർ.സി.സി. യിൽ അയച്ച് അവർക്ക് ട്രെയിനിംഗ് കൊടുത്ത് ജില്ലാ ആശുപത്രികളിൽ വരുന്ന ആളുകൾക്ക് പ്രാഥമികമായി ക്യാൻസർ ഉണ്ടോയെന്ന് പരിശോധിക്കാനും ആർ.സി.സി. യിലും എം.സി.സി. യിലും ചികിത്സ കഴിഞ്ഞെത്തുന്ന രോഗികൾക്ക് തുടർചികിത്സ നൽകുന്നതിനുമായുള്ള സംവിധാനം 14 ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കേരളത്തിൽ 'ക്യാൻസറിനെതിരെ കേരളം' എന്ന ബൃഹത്തായ പദ്ധതിക്ക് രണ്ടുമാസത്തിനുമുമ്പ് തുടക്കം കുറിച്ച പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ആളുകളെ സ്ക്രീനിംഗ് നടത്തി രോഗമുള്ളവരെ കണ്ടെത്തി അവർക്ക് താലൂക്ക് /ജില്ലാ ആശുപത്രികളിൽ ചികിത്സ നൽകുന്ന പദ്ധതിയാണിത്. കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപ അതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. കാൻസർ രോഗത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനും ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനുമുള്ള ഏറ്റവും ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. റേഡിയോ തെറാപ്പിയും സർജിക്കൽ ഓങ്കോളജിയും ആരംഭിക്കണമെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. അത് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകും. മിനി ആർ.സി.സി.കൾ തുടങ്ങിയാൽ ക്യാൻസറുമായി ബന്ധപ്പെട്ടുള്ള എല്ലാ ചികിത്സയും മെഡിക്കൽ കോളേജ്വഴി കൊടുക്കാൻ കഴിയും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത് വരാതിരിക്കാൻ കാരണം ആർ.സി.സി. ഉള്ളതുകൊണ്ടാണ്. ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആർ.സി.സി.യിലും ഈ രോഗത്തിന് വ്യാപകമായി ചികിത്സാ സൗകര്യം ലഭ്യമാണ്. കൂടാതെ, പുതിയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും. അതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോവുകയാണ്. സർക്കാർ ഈ രംഗത്ത് ഏറ്റവും പ്രാധാന്യത്തോടുകൂടിയുള്ള ശ്രദ്ധയാണ് നൽകുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ചില തർക്കങ്ങളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് ഒരു മീറ്റിംഗ് വിളിച്ച് തിരുവനന്തപുരത്തെപോലെ തൃശ്ശൂരും അത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന്, അഡ്മിനിസ്ട്രേഷൻ ലെവലിലുള്ള കാര്യത്തിൽ, ഒരു പ്രത്യേക ജി.ഒ. ഇറക്കാതെ ഓങ്കോളജി സർജറിയും റേഡിയോ തെറാപ്പിയും സമന്വയിച്ച് പോകാൻ കഴിയില്ല. അത് ജനറൽ സർജറിക്കുകീഴിൽ വന്നാൽ ഒരു സർജനും അവിടെ തുടരില്ല. അതുകൊണ്ട് ഇത് പ്രത്യേകം ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം, ആർ.സി.സി.യിൽ വരുന്ന രോഗികളുടെ ഒരു പ്രധാനപ്പെട്ട പ്രശ്നം രോഗികളുടെ ബൈസ്റ്റാന്റേഴ്സിന് താമസിക്കാൻ സൗകര്യങ്ങളില്ല എന്നതാണ്. 30 സെന്റ് സ്ഥലം ആർ.സി.സി.-ക്ക് നൽകിയാൽ അവർ ഡോർമെട്രി നിർമ്മിച്ച് ആവശ്യമായ സൗകര്യം നൽകാമെന്ന് പറയുന്നുണ്ട്. തിരുവനന്തപുരത്ത് ചികിത്സയ്ക്കായി ധാരാളം ആളുകൾ വരുന്നതുകൊണ്ട് മെഡിക്കൽ കോളേജിൽക്കൂടി സൗകര്യം ഏർപ്പെടുത്തിയാൽ ധാരാളം ആളുകൾ ഇവിടേയ്ക്ക് വരും. അതുകൊണ്ട് ഇവിടെ ആവശ്യമായ ഡോർമെട്രി സംവിധാനമുണ്ടാക്കണം. എം.സി.സി.യിൽ ന്യൂക്ലിയർ തെറാപ്പിക്കാവശ്യമായ ഫെസിലിറ്റി ഇല്ല. അതുംകൂടി കൊടുക്കാൻ അങ്ങ് സംവിധാനമൊരുക്കണം.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞ കാര്യങ്ങളെല്ലാം പരിഹരിക്കാൻ കഴിയും. തിരുവനന്തപുരം ആർ.സി.സി.യിൽ വളരെയധികം രോഗികൾ വരുന്നതിനാൽ അവരുടെ ബൈസ്റ്റാന്റേഴ്സിന്റെ താമസസൗകര്യം വളരെ പ്രധാനപ്പെട്ടകാര്യം തന്നെയാണ്. ബൈസ്റ്റാന്റേഴ്സിന് താമസിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനായി അടിയന്തരമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കാനുള്ള നിർദ്ദേശം ആർ.സി.സി.-യുടെ ഗവേണിംഗ് ബോഡിയിൽ മുഖ്യമന്ത്രിതന്നെ ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അത് സാധ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.കൾ തുടങ്ങുന്നതിനുവേണ്ടി പ്രത്യേക യോഗം വിളിച്ചു. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഈ വർഷംതന്നെ പൂർത്തിയാക്കും.

<u>മി. ചെയർമാൻ</u> : ഇന്ന് 14 സബ്മിഷനുകളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. കൂടാതെ അഡീഷണൽ ലിസ്റ്റിൽ 23 സബ്മിഷനുകൾ കൂടിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ അതിനുള്ള മറുപടി എം.എൽ.എ.മാർക്ക് നേരിട്ട് നൽകുകയോ അല്ലെങ്കിൽ സ്പീക്കറുടെ ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. അംഗങ്ങൾ തന്നിട്ടുള്ള എല്ലാ വിഷയങ്ങളും പ്രധാനപ്പെട്ടതാണ്. എന്നാൽ ഇവയെല്ലാം ഉൾപ്പെടുത്താൻ പ്രയാസമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly